# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3835** 15.05.2017-ന് മറുപടിയ്ക്ക്

**കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകാൻ നടപടി**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിലവിലുള്ള 419063/B2/2017 നമ്പർ ഫയലിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; ഇതിൻമേൽ നടപടി സ്വീകരിച്ച് തീർപ്പാക്കാത്തതിന്റെ കാരണവും ഫയലിലെ മറ്റ് നടപടിക്രമങ്ങളും വ്യക്തമാക്കാമോ; ഈ ഫയലിൽ എന്നേക്കു തീർപ്പു കൽപ്പിക്കും എന്നറിയിക്കാമോ; | 419063/B2/2017 എന്നത് റസീപ്റ്റ് നമ്പറാണ്. ബി2/237/2017-റവ നമ്പർ ഫയലിലാണ് പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്നത്. കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം വിട്ടുനൽകുന്നതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ച ശുപാർശയിന്മേൽ ഭരണ വകുപ്പിന്റെ ഭരണാനുമതി ഇല്ലാത്തതിനാൽ ഭരണാനുമതി യോടുകൂടി ശുപാർശ ലഭ്യമാക്കുവാൻ ബി2/237/2017-റവ നമ്പർ ഫയലിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതിയോടുകൂടി ശുപാർശ ലഭ്യമാകുന്ന മുറയ്ക്ക് ബഹു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ SLEC-SLMC കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കു കയും നിലവിലുള്ള LARR ആക്ട്, 2013-ലെ മാനദണ്ഡങ്ങൾക്ക് വിധേയമായി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ